**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **04-10-2021 - ൽ മറുപടിയ്ക്ക്**

**പാനൂർ താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാനൂർ താലൂക്ക് ആശുപത്രിയിലെ സ്ഥല പരിമിതി കാരണം രോഗികളും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ.; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാനൂർ താലൂക്കാശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതി പ്രകാരം കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 24.12.2020 ലെ ജി.ഒ (ആർ.ടി) നം. 2387/2020/ആ.കു.വ എന്ന ഉത്തരവ് പ്രകാരം 93,20,49,289 രൂപയ്ക്ക് ഭരണാനുമതി നൽകുകയും WAPCOS എന്ന ഏജൻസിയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾക്കായി കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക്, പാനൂർ വില്ലേജ് റീസർവ്വേ നമ്പർ 128/1,128/2എ, 128/2ബി ൽപ്പെട്ട 78.70 ആർസ് ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 02.03.2020 ലെ സ.ഉ(സാ.ധാ) നം.469/2020 ആ.കു.വ എന്ന ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. ആയത് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 11.11.2020 ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/2753/2021/C1നമ്പർ പ്രകാരം ഉത്തരവ് ആകുകയും ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് ആർ ഒന്നിന് 6,56,757 രൂപ അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക കൂടി കിഫ്ബി ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സർക്കാർ തീരുമാനം ആകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമ ഭൂമി ഏറ്റെടുക്കൽ നടപടി ഉപേക്ഷിക്കണമെന്ന് അപേക്ഷിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കേസ് നിലവിൽ ബഹു.കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പാനൂർ താലൂക്ക് ആശുപത്രിയിലേക്ക് സ്പെഷ്യൽ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) | കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ മുഖാന്തിരം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ